# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2770** **18.08.2017-ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനായി അദ്ധ്യാപക നിയമനം

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.ദാസൻ

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിൻതുണയ്ക്കായി എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ പ്രോജക്ടുകളിലൂടെ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ; മുൻപ് നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | എ) | ഉണ്ട്, കുറവുവരുത്തിയിട്ടില്ല. |
| ബി) | നിലവിൽ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഈ നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; 1;5 അനുപാതത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) | നിലവിൽ എസ്.എസ്.എ.മുഖേനെ 1106 റിസോർസ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അദ്ധ്യാപക നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ ഇവയാണ്.<br>1.ടി.ടി.സി/ബി.എഡ്ഒപ്പം സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ/ ഡിഗ്രി എന്നിവ ഉള്ളവർക്കാണ് പ്രഥമ പരിഗണന.<br>2.സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ/ ഡിഗ്രി ഉള്ളവരെ പരിഗണിക്കുന്നു.<br>3.എക്സിപിരിയൻസ്<br>4.കാറ്റഗറിക്കൽ റൊട്ടേഷൻ<br>5 എസ്.എസ്.എ.യിൽബി.ആർ.സി തലത്തിലാണ് നിയമനങ്ങൾ നടത്തുന്നത്.<br>ആർ.എം.എസ്.എ.യ്ക്ക് 865 റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതിൽ 707 അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. ശേഷിക്കുന്ന 156 അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചുവരുന്നു. അദ്ധ്യാപക നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. സംസ്ഥാനത്തെ സ്കൂളുകളിൽ ഇരുപതിനായിരത്തിലെറെ ഭിന്നശേഷിക്കാരായ കുട്ടികൾ നിലവിലുണ്ട്. ഇവർക്ക് 1:5 അനുപാതത്തിൽ അദ്ധ്യാപകരെ നിയമിക്കണമെങ്കിൽ അയ്യായിരത്തിലേറെ അദ്ധ്യാപകർ ആവശ്യമായി വരും. നിലവിൽ 865 അദ്ധ്യാപകർക്കുള്ള ഫണ്ട് മാത്രമെ ആർ.എം.എസ്.എ.യ്ക്ക് അനുവദിച്ചിട്ടുള്ളു.

സി) ആർ.എം.എസ്.എ.സ്കൂളുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഓരോ സ്കൂളിലും എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കമോ ;

സി) സംസ്ഥാനത്തെ 220 ഗവ:സെക്കണ്ടറി സ്കൂളുകൾക്ക് മേജർ റിപയറിംഗിനായി എം.എച്ച്.ആർ.ഡിയിൽ നിന്ന് അനുവദിച്ച മുഴുവൻ തുകയും ആർ.എം.എസ്.എയിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 953 ഗവ: സെക്കൻററി സ്കൂളുകളുടെ ശാക്തീകരണത്തിന് എം.എച്ച.ആർ.ഡി യിൽ നിന്ന് 2010-11,2011-12 വർഷങ്ങളിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ 442 സ്കൂളുകളുടെ ശാക്തീകരണത്തിന് (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്സ് റൂം) 50% തുക ആർ.എം.എസ്.എയിൽ നിന്ന് ഈ വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ 583 ഗവ: സെക്കണ്ടറി സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണത്തിന് 1 ലക്ഷം രൂപ വീതവും, 214 ഗവ;സെക്കണ്ടറി സ്കൂളുകൾക്ക് കുടിവെള്ള സൗകര്യത്തിന് 50000/- രൂപ വീതവും ആർ.എംഎസ്.എയിൽ നിന്ന് അനുവദിച്ചു.

ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ആർ. എം.എസ്.എ.സ്കൂളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിക്കുമെന്നും വ്യക്തമാക്കാമോ;

ഡി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആർ.എം.എസ്.എ സ്കൂളായ ജി.എച്ച്.എസ്. വൻമുഖത്തിന് സ്കൂൾ ഗ്രാൻറ് ഇനത്തിൽ 50000 രൂപയും, സെൽഫ് ഡിഫെൻസിനായി 9000 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർ.എം.എസ്.എയിൽ നിന്ന് 58.12

ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിൽ ആദ്യ ഗഡുവായി ഇരുപത് ലക്ഷം രൂപ ഈ വർഷം ആർ എം.എസ്.എയിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.ഐ.ഇ.റ്റി.ഡിജിറ്റൽ ടെക്സ്റ്റ് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചെന്നും അതിനുള്ള പണം കണ്ടെത്തിയത് ഏത് പ്രോജക്ടിൽ നിന്നാണെന്നും വ്യക്തമാക്കാമോ? | ഇ) | ഡിജിറ്റൽ ടെസ്റ്റ് നിർമ്മാണത്തിനായി SIET മുഖേന തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

Dup
സെക്ഷൻ ഓഫീസർ

അനുബന്ധം - I

**Qualifications of the Special Teachers**

(iv) Graduates with B. Ed (Special Education) or B. Ed (general) with a 2 years Diploma in Special Education for classes IX & X.

(v) Post Graduates in relevant subject with B. Ed (Special Education) or B. Ed (general) with a 2 years Diploma in Special Education for classes XI & XII.

(vi) Teachers with Qualifications in single disability area will be encouraged to specialize in other disability areas to take care of wide range of diversities in a general school.

(vii) Prescribed qualifications should be adhered to. In case qualified special teachers are not available, teachers with short training courses recognized by the Rehabilitation Council of India (RCI) may be appointed with the condition that they will complete the full course within three years of appointment. Special allowance for these teachers will be admissible only after completion of the full course.

**Remuneration:**

Dep
SO